# പതിമൂന്നാം കേരള നിയമ സഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5486

01 - 07 - 2014-ലെ മറുപടിക്ക്

### അക്ഷയ കേന്ദ്രങ്ങൾ വഴി നൽകുന്ന സേവനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.കെ സദാശിവൻ | | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>( വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | അക്ഷയ കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കുന്ന സേവനങ്ങൾ എന്തൊക്കെയാണ് ; | (എ) | അക്ഷയ കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>◆ ആധാർ എൻറോൾമെന്റ്<br>◆ ഇ — വിദ്യ - കമ്പ്യൂട്ടർ സാക്ഷരത നേടിയ ആളുകൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹകരണത്തോടെ നൽകുന്ന തുടർ പഠന പദ്ധതിയായ ഇ-വിദ്യ അക്ഷയ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്നു.<br>G2C സേവനങ്ങൾ<br>◆ റേഷൻ കാർഡ് - പുതിയ റേഷൻ കാർഡിനും റേഷൻ കാർഡിൽ തിരുത്തൽ വരുത്തുന്നതിനും ഉള്ള അപേക്ഷ ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ അക്ഷയ സെന്ററുകൾ വഴി നൽകാവുന്നതാണ്.<br>◆ ഇ ഫയലിംഗ് - വ്യാപാരികൾക്ക് മാസം തോറുമുള്ള വാറ്റ് റിട്ടേണ്സ് ഫയൽ ചെയ്യാനുള്ള സൗകര്യം അക്ഷയ കേന്ദ്രങ്ങളിൽ ലഭ്യമാണ്. |

◆ ഫാർമേഴ്സ്സ് - ഡാറ്റാ - എൻട്രി- കർഷകരുടെ വിവരങ്ങൾ അഗ്രി കൾച്ചറൽ ഡിപ്പാർട്ട്മെന്റിന്റെ പോർട്ട ലിൽ രേഖപ്പെടുത്തുന്നു.

◆ ക്ഷേമനിധി ബോർഡിന്റെ ഡാറ്റാ എൻട്രി - ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ ഡാറ്റാ ബെയിസ്സിൽ അവരുടെ യു.ഐ.ഡി നമ്പറും, ബാങ്ക് അക്കൗണ്ട് നമ്പറും രേഖപ്പെടുത്തുന്നു.

◆ എസ്സ്.സി പ്രീ-മെട്രിക്ക് ഡാറ്റാ എൻട്രി- പ്രീ-മെട്രിക്ക് എസ്സ്.സി വിദ്യാർ ത്ഥികളുടെ സ്കോളർഷിപ്പ് അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നു.

◆ ഗ്രാൻറ് കേരളാ ഷോപ്പിംങ് ഫെസ്റ്റിവെൽ- ഗ്രാൻറ് കേരളാ ഷോപ്പിംങ് ഫെസ്റ്റിവെലിൽ പങ്കെടുക്കുന്ന കടകളുടെ രജിസ്ട്രേഷൻ.

◆ ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് അവരുടെ അംശാദായം അക്ഷയ കേന്ദ്രങ്ങൾ മുഖേന അടയ്ക്കാവുന്നതാണ്.

◆ എ.പി.എൽ/ബി.പി.എൽ കാർഡുട മകൾക്ക് ആരോഗ്യ ഇൻഷുറൻസ്സ് രജിസ്ട്രേഷൻ- സമഗ്ര ആരോഗ്യ ഇൻഷുറൻസ്സ് പദ്ധതിയുടെ ഭാഗമായി അക്ഷയ സെന്ററുകൾ വഴി എ.പി.എൽ/ബി.പി.എൽ വിഭാഗ ക്കാർക്ക് ഹെൽത്ത് കാർഡ് രജിസ്ട്രേഷൻ നടത്തുകയുണ്ടായി.

- ഇ-മണൽ-കെട്ടിട നിർമ്മാണത്തിനാവശ്യമായ മണൽ ലഭ്യമാക്കുന്നതിനുള്ള പാസ്സ് അക്ഷയ വഴി നൽകുന്നു.

- ഇ-ഗ്രാൻസ്സ്-എസ്.സി., എസ്.റ്റി ഒ.ബി.സി., ഒ.ഇ.സി, മറ്റ് വിഭാഗ ത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിന്റെ അപേക്ഷ ഓൺ ലൈനായി സമർപ്പിക്കുന്നു.

- കെഎൻ.ആർ.കെയുടെ ഫണ്ട് സബ്സ്ക്രിപ്ഷൻ സമാഹരണം - പ്രവാസി ക്ഷേമനിധി ഫണ്ടിലേക്കുള്ള പ്രീമിയം തുക അക്ഷയ സെന്ററുകൾ വഴി സ്വീകരിക്കുന്നതാണ്.

- ഇ-ഡിസ്ട്രിക്റ്റ് സേവനങ്ങൾ- ദേശീയ ഇ-ഗവേർണൻസ്സ് പദ്ധതിയുടെ ഭാഗമായി വേഗത്തിലും സുതാര്യമായും കാര്യക്ഷമമായും സർക്കാർ സേവനങ്ങൾ പൗരൻമാർക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി റവന്യൂ ഡിപ്പാർട്ട്മെന്റിൽ 23 സേവനങ്ങൾ ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയുടെ ഭാഗമായി അക്ഷയ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കിയിട്ടുണ്ട്.

B2 C സേവനങ്ങൾ

- ഇ-പേയ്മെന്റ്-ഇലക്ട്രിസിറ്റി, ടെലിഫോൺ, വാട്ടർ അതോറിറ്റി ബില്ലുകൾ ഉപഭോക്താവിന് സമയ നഷ്ടം

കൂടാതെ അടയ്ക്കുവാനുള്ള സൗകര്യം അക്ഷയ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്നു.

- ഇ-ടിക്കറ്റിംഗ്- റെയിൽവേ ടിക്കറ്റുകൾ ,അക്ഷയ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്നു.
- ന്യൂ ഇന്ത്യാ അഷ്വറൻസിന്റെ ഇൻഷ്വറൻസുകൾ അക്ഷയ കേന്ദ്രങ്ങൾ വഴി നൽകുന്നുണ്ട്.

മറ്റു സേവനങ്ങൾ

- എന്റെ ഗ്രാമം - കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും തദ്ദേശീയമായി മലയാളം പോർട്ടലുകൾ നിർമ്മിക്കുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. മനുഷ്യ വിഭവ ശേഷി, പ്രാദേശിക സാമ്പത്തികാവസ്ഥ, കൃഷി, സേവനങ്ങൾ, പ്രകൃതി വിഭവങ്ങൾ തുടങ്ങിയവ എന്റെ ഗ്രാമം എന്ന പോർട്ടലിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ജനങ്ങളിൽ എത്തിക്കാവുന്നതാണ്.

- മലയാളം കമ്പ്യൂട്ടിംഗ് ട്രെയിനിംഗ് - സമൂഹത്തിലെ മുഴുവൻ ആളുകൾക്കും കൈകാര്യം ചെയ്യത്തക്ക രീതിയിൽ കമ്പ്യൂട്ടറിനെ മാറ്റുന്നതിനായി സംസ്ഥാന സർക്കാർ അക്ഷയ,

| | | | |
|---|---|---|---|
| | | | ഐ.ടി.മിഷൻ, എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ആരംഭി ച്ചിട്ടുള്ള പദ്ധതിയാണ് മലയാളം കമ്പ്യൂട്ടിംഗ്. |
| (ബി) | പ്രസ്തുത സേവനങ്ങൾക്ക് നൽകുന്ന സർവ്വീസ് ചാർജ്ജുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | വിവിധ സേവനങ്ങൾക്ക് വ്യത്യസ്തമായ ഫീസാണ് ഈടാക്കുന്നത്. ബില്ലുകൾ അടയ്ക്കുന്നതിനായി, ബിൽ തുകയ്ക്ക് അനുസരിച്ചാണ് ഫീസ് ഈടാക്കുന്നത്. ഫീസ് സംബന്ധിച്ച വിശദാംശങ്ങൾ അക്ഷയ സെന്ററുകളിൽ പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | അക്ഷയ സെന്ററുകളിലെ ജീവനക്കാർ പ്രത്യേകം പരിശീലനം ലഭിച്ചവരാണോ? | (സി) | പുതിയതായി അക്ഷയ സെന്ററുകൾ ആരം ഭിക്കുന്ന എല്ലാ സെന്റർ ജീവനക്കാർക്കും ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുന്നുണ്ട്, അതു കൂടാതെ ഓരോ പുതിയ സർവീസുകൾ വരുമ്പോഴും അവയ്ക്ക് ആവശ്യമായ സാങ്കേതിക പരിശീലനവും നൽകാറുണ്ട്. |
| (ഡി) | അല്ലായെങ്കിൽ ഇവർക്ക് ഏകീകൃതമായി പരിശീലനം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | അല്ലായെങ്കിൽ ഇവർക്ക് ഏകീകൃതമായി പരിശീലനം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? |

സെക്ഷൻ ഓഫീസർ